## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 73 — 11.06.2012 ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ ലോണുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ബാങ്കുകൾ നിസാര കാരണങ്ങൾ പറഞ്ഞ് വിദ്യാഭ്യാസ വായ്പകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) വിദ്യാഭ്യാസ വായ്പകൾ നിഷേധിക്കുന്നത് സംബന്ധിച്ച് ചില പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതി മുഖാന്തിരം ബന്ധപ്പെട്ട ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തി ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ലോണെടുത്ത വിദ്യാർത്ഥിയൊ, കുടുംബത്തിലെ വരുമാനമുണ്ടാക്കുന്ന വ്യക്തിയോ മരണപ്പെട്ടാൽ വായ്പ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ; | (ബി) ഇത്തരം കേസുകൾ വസ്തുനിഷ്ഠമായി പരിശോധിച്ച് അതാതു ബാങ്കിന്റെ മാനദണ്ഡങ്ങൾക്കു വിധേയമായി പരമാവധി ഇളവുകൾ നൽകുന്ന കാര്യം ബാങ്കുകളുടെ പരിഗണനയിലുണ്ട്. |

(സി) വിദ്യാഭ്യാസ വായ്പകൾക്ക് പൂർണ്ണ ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) വിദ്യാഭ്യാസ വായ്പകൾക്ക് ഇൻഷ്വറൻസ് സംരക്ഷണം നൽകേണ്ട കാര്യം രാജ്യവ്യാപകമായി നടപ്പിൽ വരുത്തേണ്ട ഒന്നാണ്. ആയതിനാൽ ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ

?